7679
30/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - സൈക്കോസോഷ്യൽ സർവ്വീസസ് പദ്ധതി - സ്റ്റേറ്റ് കോർഡിനേറ്ററേയും ജില്ലാ കോർഡിനേറ്ററേയും നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം . 390 /2015/സാനീവ    തീയതി, തിരുവനന്തപുരം.20.06.2015

---

പരാമർശം : (1) 01.02.2013 - ലെ സ.ഉ(സാധാ)നമ്പർ 29/2013/സാനീവ.
(2) 10.12.2014 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്. എ6-20804/14 നമ്പർ കത്ത്.

**ഉത്തരവ്**

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സാമുഹിക മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്ന സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതിയുടെ പരാമർശം (1) പ്രകാരം അംഗീകരിച്ച പുതുക്കിയ ധാരണാ പത്രത്തിൽ ഒരു സംസ്ഥാന കോർഡിനേറ്ററേയും 14 ജില്ലാ കേർഡിനേറ്റർമാരേയും യഥാക്രമം 15000/-രൂപ, 14,000/- രൂപ പ്രതിമാസ ഹോണറേറിയത്തിൽ നിയമിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. താഴെപ്പറയുന്ന യോഗ്യതകളുള്ള ഒരു സംസ്ഥാന കോർഡിനേറ്ററേയും 14 ജില്ലാ കോർഡിനേറ്റർമാരേയും ഹോണറേറിയം അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും ഇവരെ തെരഞ്ഞെടുക്കുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

**സംസ്ഥാന കോർഡിനേറ്റർ**

| | | |
|---|---|---|
| വിദ്യാഭ്യാസ യോഗ്യത | - | MPhil (Psychology) |
| പ്രായപരിധി | - | 35 years as on 31.01.2014 |
| മറ്റ് യോഗ്യതകൾ | - | 5 years experience in counselling |

**ജില്ലാ കോർഡിനേറ്റർ**

| | | |
|---|---|---|
| വിദ്യാഭ്യാസ യോഗ്യത | - | MA Psychology |
| മറ്റ് യോഗ്യതകൾ | - | (1) 5 years experience in counselling<br>(2) Graduate Diploma in counselling |

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൈക്കോസോഷ്യൽ പദ്ധതിയ്ക്കായി 15,000/-രൂപ പ്രതിമാസ ഹോണറേറിയത്തിൽ ഒരു സ്റ്റേറ്റ് കോർഡിനേറ്ററേയും, 14,000/-രൂപ പ്രതിമാസ ഹോണറേറിയത്തിൽ 14 ജില്ലകളിലും ഓരോ ജില്ലാ കോർഡിനേറ്ററേയും ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) സ്റ്റേറ്റ് കോർഡിനേറ്ററേയും ജില്ലാ കോർഡിനേറ്റർമാരേയും തിരഞ്ഞെടുക്കുന്നതിന് താഴെ പറയും പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സ്റ്റേറ്റ് കോർഡിനേറ്റർ (സെലക്ഷൻ കമ്മിറ്റി)

| | | | |
|---|---|---|---|
| 1. | സാമൂഹ്യനീതി ഡയറക്ടർ | - | ചെയർമാൻ |
| 2. | പൊതു വിദ്യാഭ്യാസ ഡയറക്ടർ | - | മെമ്പർ |
| 3. | ഹയർ സെക്കന്ററി ഡയറക്ടർ | - | മെമ്പർ |
| 4. | ഡയറക്ടർ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ | - | മെമ്പർ |
| 5. | നാമനിർദ്ദേശം ചെയ്യപ്പെട്ട ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് | - | മെമ്പർ |
| 6. | തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്കിയാട്രി വകുപ്പ് തലവൻ | - | മെമ്പർ |
| 7. | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ | - | കൺവീനർ |

## ജില്ലാ കോർഡിനേറ്റർ (സെലക്ഷൻ കമ്മിറ്റി)

| | | | |
|---|---|---|---|
| 1. | ജില്ലാ കളക്ടർ | - | ചെയർമാൻ |
| 2. | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ | - | മെമ്പർ |
| 3. | ജില്ലാ മെഡിക്കൽ ഓഫീസർ | - | മെമ്പർ |
| 4. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | - | കൺവീനർ |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**കെ.എം.ലീലാമണി.**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (05.06.2015 ലെ 38340/ww1/15/Fin. നമ്പർ കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ